# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 438

29.06.2016 ൽ മറുപടിയ്ക്ക്

## കേരള ബാങ്ക് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) പരിഗണനയിലുണ്ട്. |
| (ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കാമോ; | (ബി) മുകൾ തട്ടിൽ കേരള സഹകരണ ബാങ്കും, താഴെത്തട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളും ഉള്ള ദ്വിതല സഹകരണ ബാങ്കിംഗ് സമ്പ്രദായം നടപ്പാക്കുക, ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് കേരളത്തിന്റേതായ ഒരു വൻകിട ബാങ്കിന് രൂപം നൽകുക, ഇതിലൂടെ അധിക വിഭവം സമാഹരിക്കുക, അത് സംസ്ഥാനത്തിന്റെ വികസനത്തിന് വിനിയോഗിക്കുക എന്നതാണ് ഇക്കാര്യത്തിലുള്ള സർക്കാർ നയം. |
| (സി) ഇത്തരത്തിൽ സഹകരണ ബാങ്കുകളുടെ സംയോജനത്തിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കിയിട്ടുണ്ടോ; | (സി) സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും റിസർവ്വ് ബാങ്കിന്റെയും, നബാർഡിന്റെയും നിയന്ത്രണ അധികാരങ്ങൾ ബാധകമാകയാൽ ബാങ്കുകളുടെ ലയനത്തിന് റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് അനുമതി |

| | | |
|---|---|---|
| | | ആവശ്യമുണ്ടെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ